"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന് 2025-26 സാമ്പത്തിക വർഷത്തിൽ 2025 ഡിസംബർ മുതൽ 2026 മാർച്ച് വരെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2406-02-188-99-31 നോൺ പ്ലാൻ സാലറി ശീർഷകത്തിൽ നാലാം ഗഡുവായി ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

G.O.(Rt)No.130/2025/ENVT തീയതി,തിരുവനന്തപുരം, 26-12-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.48/2025/ENVT സർക്കാർ ഉത്തരവ് തിയതി 05.05.2025.
2. സ.ഉ(സാധാ)നം.73/2025/ENVT സർക്കാർ ഉത്തരവ് തിയതി 25.07.2025.
3. സ.ഉ(സാധാ)നം.101/2025/ENVT സർക്കാർ ഉത്തരവ് തിയതി 06.10.2025.
4. സ.ഉ(സാധാ)നം.92/2025/ENVT സർക്കാർ ഉത്തരവ് തിയതി 09.09.2025.
5. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 08.12.2025 തീയതിയിലെ KSBB/214/2024-TA(WS) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിലെ ജീവനക്കാർക്ക് 2025 ഡിസംബർ മാസം മുതൽ 2026 മാർച്ച് മാസം വരെ ശമ്പളം നൽകുന്നതിനായി Unspend balance ആയ 1,55,291/- രൂപ കഴിച്ചു നാലാം ഗഡുവായി 73,66,000/- രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി അറുപത്തി ആറായിരം രൂപ മാത്രം) അനുവദിക്കുന്നതിനും ടി തുക ജൈവവൈവിദ്ധ്യ ബോർഡിന്റെ 0101850011 എന്ന DDO കോഡിലേക്ക് അലോട്ട്മെന്റ് ആയി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നപേക്ഷിച്ച് ടി ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2025-26 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന നിർദേശങ്ങൾക്ക് അനുസൃതമായി 30 ലക്ഷം രൂപ (രൂപ മുപ്പതു ലക്ഷം മാത്രം) '2406-02-188-99-31 നോൺ പ്ലാൻ' സാലറി ശീർഷകത്തിൽ നിന്ന് നാലാം ഗഡുവായി കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

1). പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non interest bearing ) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിയ്ക്കുവാൻ പാടില്ല.

2).29/08/2009ലെ സർക്കുലർ നം.75/09/ധനത്തിലേയും 09/12/2008-ലെ സക്കുലർ

നം.84/08/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിയ്ക്കേണ്ടതാണ്.

3).അനുവദിച്ച തുകയുടെ വിശദമായചെലവ് പത്രികയും 09/01/2020 ലെ സ.ഉ.(കൈ)നം 4/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിയ്ക്കേണ്ടതാണ്.

4). വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

UNDER SECRETARY

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള

ധന വകുപ്പ് (No.പി.യു-സി2/75/2025-ധന)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Royi J
Date: 26-12-2025 17:48:16

സെക്ഷൻ ഓഫീസർ